സ്ഥാപനങ്ങളുടെ സ്ഥാപനതല പദ്ധതി രൂപീകരണം പൂർത്തീകരിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളാണ് ഇപ്പോൾ നടക്കുന്നത്. എന്നാൽ ഇതോടൊപ്പം തന്നെ കളക്ടറേറ്റുകളുടെ പ്രവർത്ത നിലവാരം ഉയർത്തുന്നതിനുള്ള ഡി.സി. സ്യൂട്ട് പദ്ധതിയുടെ പൈലറ്റ് പ്രോജക്റ്റ് പാലക്കാട് കളക്ടറേറ്റിൽ നടപ്പിലാക്കികഴിഞ്ഞു.

(ബി) സർക്കാർ ഉത്തരവ് (എം.എസ്സ്.) നം. 345/03/പൊ. ഭ. വ. തീയതി 26-11-2003 പ്രകാരം ഭരണ നവീകരണ പരിപാടിയുടെ വിശദമായ പ്രവർത്തന പദ്ധതിയും സർക്കാർ ഉത്തരവ് (എം.എസ്സ്.) നം. 346/03/പൊ. ഭ. വ. തീയതി 27-11-2003 പ്രകാരം സേവന പ്രദാന പദ്ധതിയും മന്ത്രിസഭാ തീരുമാനപ്രകാരം സർക്കാർ അംഗീകരിക്കുകയുണ്ടായി. 27-11-2003-ലെ സർക്കാർ ഉത്തരവിൽ തന്നെ സേവന പ്രദാന പദ്ധതിക്ക് കീഴിൽ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും നിശ്ചയിച്ചിരുന്നു. അതിൻപ്രകാരം ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഒരു സംഘം വിദഗ്ദ്ധർ ചേർന്ന് മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥാപനങ്ങളുടെ കരട് പട്ടിക തയ്യാറാക്കുകയും തുടർന്ന് 14-5-2004-ലെ സർക്കാർ ഉത്തരവ് (എം.എസ്സ്.) നം. 98/04/പൊ.ഭ.വ. പ്രകാരം പട്ടികയുടെ അന്തിമ രൂപത്തിന് അംഗീകാരം നല്കുകയും ചെയ്തു. ഉത്തരവുകളുടെ പൂർണ്ണരൂപം ഭരണ നവീകരണ പരിപാടിയുടെ ഔദ്യോഗിക ജാലികയായ www.keralamgp.org -യിൽ ലഭ്യമാണ്.

(സി) സംസ്ഥാനത്തെ മിക്കവാറും എല്ലാ സ്ഥാപനങ്ങളും ഉൾപ്പെടുന്ന വിധത്തിൽ സേവന പ്രദാന പദ്ധതിക്ക് ഒരു രണ്ടാംഘട്ടം ആവിഷ്ക്കരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

എം. എൽ. എ.-മാരുടെ വികസന ഫണ്ട് വിനിയോഗം

7 [181] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ.-മാരുടെ വികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എം. എൽ. എ.-മാർ നിർദ്ദേശിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ കാല താമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എം. എൽ. എ.-മാരുടെ വികസന ഫണ്ട് കാലതാമസം കൂടാതെ വിനിയോഗിക്കുവാൻ വേണ്ടുന്ന നിർദ്ദേശം നല്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇക്കാര്യം ജില്ലാ തലത്തിൽ വിലയിരുത്തപ്പെടുന്നുണ്ട്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

പെൻഷൻ പദ്ധതിയും കുടിശ്ശികയും

8 [182] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ പെൻഷൻ പദ്ധതികളിലായി എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും എത്ര സംഖ്യ കുടിശ്ശികയായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) 2001 മേയ് മുതൽ ഇതുവരെയായി ഓരോ പെൻഷൻ പദ്ധതികളിലുമായി എത്ര മാസത്തെ കുടിശ്ശിക സംഖ്യ വിതരണം ചെയ്തിട്ടുണ്ട്;

(സി) വിവിധ പെൻഷൻ പദ്ധതികളിലെ കുടിശ്ശിക സംഖ്യ പൂർണ്ണമായി വിതരണം ചെയ്യുന്നതിനായി ഓരോ പദ്ധതിക്കും വേണ്ടിവരുന്ന സംഖ്യ എത്രയെന്ന് വിശദമാക്കുമോ;

(ഡി) തൊഴിലില്ലായ്മ വേതനം കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് എത്ര സംഖ്യ വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ;

(ഇ) 2004 ആഗസ്റ്റിൽ ഓണസമയത്ത് പെൻഷൻ പദ്ധതികൾക്കും തൊഴിലില്ലായ്മ വേതനം കൊടുക്കുന്നതിനുമായി എത്ര സംഖ്യ ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ)	കർഷക തൊഴിലാളി പെൻഷൻ	23	മാസത്തെ കുടിശ്ശിക	16,462	ലക്ഷം രൂപ കുടിശ്ശിക
	ചുരുട്ടുതൊഴിലാളികൾക്കുള്ള പെൻഷൻ	4	,,	1.76	,,
	ക്ഷേമനിധി നിലവിൽ വരുന്നതിനു മുമ്പ് വിരമിച്ച കശുവണ്ടി തൊഴിലാളികൾക്കും സ്റ്റാഫിനുമുള്ള പെൻഷൻ	16	,,	236.74	,,
	കൈത്തറി	9	,,	74.32	,,
	തൊഴിൽരഹിത വേതനം	27	,,	12550.78	,,

LIBRARY ARCHIVES Kerala Legislative Assembly